പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1256

05.03.2020-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശ രഹിത വായ്പ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.ഷാനിമോൾ ഉസ്മാൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾ വള്ളവും വലയും വാങ്ങുന്നതിനായി വൻതുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുക്കുന്നത് മൂലമുണ്ടാകുന്ന ബാധ്യത, ജീവിതകാലം മുഴുവനും അവരെ കടക്കെണിയിലാക്കുന്ന സ്ഥിതിവിശേഷമുണ്ടോ; | (എ) | എൻ.സി.ഡി.സി. ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി വഴി മത്സ്യത്തൊഴിലാളികൾക്ക് വള്ളവും, വലയും എഞ്ചിനും മറ്റ് അനുബന്ധ ഉപകരണങ്ങളും മത്സ്യഫെഡ് വായ്പയായി നൽകി വരുന്നു. ഉപകരണങ്ങളായിട്ടാണ് വായ്പ നൽകുന്നത്. 2018-19 വർഷം മുതൽ ഈ പദ്ധതി പലിശ രഹിത വായ്പയായിട്ടാണ് നൽകുന്നത്. എൻ.സി.ഡി.സി ക്ക് നൽകേണ്ട പലിശ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തി മത്സ്യഫെഡിന് നൽകുന്നു. അതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് പലിശ മൂലം ബാദ്ധ്യതയുണ്ടാകുന്നില്ല. വായ്പാ തുക മാത്രം തിരിച്ചടച്ചാൽ മതിയാകും. |

| | | | |
|---|---|---|---|
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ വള്ളവും വലയും വാങ്ങുന്നതിന്, മത്സ്യത്തൊഴിലാളി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് പലിശ രഹിത വായ്പ നൽകികൊണ്ട് വള്ളത്തിന്റെയും വലയുടെയും ഉടമകളാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി & സി) | മത്സ്യബന്ധന ഗ്രൂപ്പുകൾക്കാണ് മത്സ്യ ബന്ധന ഉപകരണ വായ്പകൾ നൽകുന്നത്. ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകൾക്കാണ് വായ്പ നൽകുന്നത്. പദ്ധതി തയ്യാറാക്കി വരുന്നു. അന്തിമമായിട്ടില്ല. |
| (സി) | ഈ പദ്ധതി എപ്രകാരമാണ് നടപ്പിലാക്കുകയെന്നും എത്ര ജെ.എൽ.ജി.കൾക്ക് ഈ വർഷം ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ